# പ്രേഷിത വാരാചരണം 2021



## കാര്യപരിപാടികൾ

ജനുവരി 06 : പ്രേഷിതവാരാചരണാരംഭം
ദീപം തെളിയിച്ചു ഉദ്ഘാടനം, പ്രതിജ്ഞ

ജനുവരി 07 : മിഷൻ രൂപതകളുടെ വെബ്സൈറ്റ് സന്ദർശിച്ചു
പ്രവർത്തങ്ങൾ മനസ്സിലാക്കുക

ജനുവരി 08 : ഒരു മിഷൻ രൂപതയെ ദത്തെടുത്തു പ്രാർഥിക്കുക

ജനുവരി 09 : മിഷനറിമാരെക്കുറിച്ച് വിശിഷ്യാ ഇടവകയിൽനിന്നുള്ള
വരെക്കുറിച്ചു അറിയുക, പ്രാർഥിക്കുക

ജനുവരി 10 : പ്രേഷിത ഞായർ – ആചരണം, മിഷൻ കളക്ഷൻ

ജനുവരി 11 : പ്രേഷിതാഹ്വനമുള്ള തിരുവചനങ്ങൾ പഠിക്കുക

ജനുവരി 12 : മിഷനറിമാർക്കുവേണ്ടി ജപമാലചൊല്ലി സമർപ്പിക്കുക

## പ്രേഷിതവാര പ്രതിജ്ഞ

ദൈവം എന്റെ പിതാവാണ്. ഈശോ എന്റെ രക്ഷകനും പരിശുദ്ധാത്മാവ് എന്റെ സഹായകനുമാണ്. തിരുസഭ എന്റെ മാതാവാണ്. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിൽ/ ഞാൻ വിശ്വസിക്കുന്നു. ദൈവരാജ്യ സ്ഥാപനമാണ് എന്റെ ലക്ഷ്യം.

മാർതോമാശ്ലീഹായുടെ വിശ്വാസപ്രഘോഷണത്താലും/ പ്രേഷിതപ്രവർത്തനത്താലും/ രൂപംകൊണ്ട സീറോ-മലബാർ സഭയിൽ / അംഗമായതിൽ ഞാൻ അഭിമാനിക്കുന്നു. അവളുടെ പ്രേഷിതതീക്ഷ്ണതയും / വിശ്വാസ ചൈതന്യവും ഉൾകൊണ്ട് / ഒരു പ്രേഷിതനാ(യാ)കാൻ / ഞാൻ ആഗ്രഹിക്കുന്നു.

പ്രേഷിതരംഗങ്ങളിൽ സുവിശേഷവേല ചെയ്യുന്ന / ശുശ്രൂഷകരെ ഞാൻ ആദരിക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു. സഭയോടൊത്ത് നാടിനുവേണ്ടി/ സേവനം ചെയ്യുവാനും/ വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിക്കുവാനും / തയ്യാറാണെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

## പ്രേഷിതവാര ഗാനം

ഒരു നവപ്രേഷിത ജനമായുണരൂ
ആത്മാവിൻ നിറവോടെ (2)
ലോകമാകെ നട്ടുവളർത്താം
വചനത്തിൻ മലവാർടി (2)
ക്രിസ്തുവിൻ പ്രേഷിതർ നമ്മൾ
വിളവുകൾ കൊയ്യാൻ പോകാം
സേവനപാതയിലെന്നും
നാഥനു സാക്ഷികളാകാം (2)
സീറോ-മലബാർ സഭ (3)


**Syro-Malabar Mission (SyMM)**
Director, Mount St Thomas
P.B.No. 3110, Kakkanad P.O, Kochi-682030
Mob: (+91)9496038700
Email: syromalabarassm@gmail.com
www.syromalabarmission.com


Bank Details:
A/c Name: Syro-Malabar Mission Fund
A/c No: 0313053000003282
South Indian Bank, Kakkanad Br., Kochi
IFSC: SIBL0000313



# സീറോ-മലബാർ പ്രേഷിതവാര പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, മാർതോമാശ്ലീഹായാൽ സ്ഥാപിതമായ സീറോ-മലബാർ സഭയെയും ലോകം മുഴുവനിലുമുള്ള എല്ലാ സഭാമക്കളെയും/അങ്ങയുടെ അനന്ത പരിപാലനയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു. പ്രേഷിതവാരം ആചരിക്കുന്ന ഞങ്ങളുടെ സഭയെ എല്ലാ കൃപാവരങ്ങളും നല്കി അനുഗ്രഹിക്കണമേ. അങ്ങയുടെ പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ/എല്ലാ സഭാധികാരികളെയും / വൈദികരെയും / സമർപ്പിതരെയും / വിശ്വാസികളെയും നിറയ്ക്കണമേ. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി / പ്രേഷിതരംഗങ്ങളിൽ സേവനം ചെയ്യുന്ന/ മിഷനറിമാരുടെ പ്രവർത്തനങ്ങളെ ആശീർവ്വദിക്കണമേ. ഞങ്ങളുടെ കുടുംബങ്ങളിൽനിന്ന് ധാരാളം ദൈവവിളികൾ നൽകി/ സഭയെ സമ്പന്നയാക്കണമേ. ആദിമസഭയിലെ വിശ്വാസികളെപോലെ ഒരേ ആത്മാവോടും, ഒരേ മനസോടും കൂടി ജീവിച്ച്/ നിത്യജീവനർഹരാകുവാൻ അനുഗ്രഹിക്കണമേ.

ആമ്മേൻ

ഞങ്ങളുടെ അമ്മയായ പരി. മറിയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഞങ്ങളുടെ പിതാവായ മാർതോമാശ്ലീഹായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
പ്രേഷിതപ്രവർത്തനങ്ങളുടെ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യായേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഞങ്ങളുടെ സഭയിലെ വിശുദ്ധരേ, വാഴ്ത്തപ്പെട്ടവരേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.